**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6338** **20-03-2023 - ൽ മറുപടിയ്ക്ക്**

**ആലുവ-പി.വി.ഐ.പി. പരവൂർ ബ്രാഞ്ച് കനാലിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ-പി.വി.ഐ.പി. പരവൂർ ബ്രാഞ്ച് കനാലിന്റെ മഴയിൽ തകർന്ന സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്ന 12.01.2022 ലെ അപേക്ഷയിൽ പട്ടികജാതി വികസന ഡയറക്ടർ കാര്യാലയത്തിലെ ഇ-27428/2022/പി2 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ പട്ടികജാതി വികസന ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ആലുവ-പി.വി.ഐ.പി. പരവൂർ ബ്രാഞ്ച് കനാലിന്റെ മഴയിൽ തകർന്ന സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 12.01.2022 – ലെ E-27428 നമ്പർ അപേക്ഷയും അനുബന്ധ രേഖകളും 17/03/2022-ൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുകയും ആയതിൻമേൽ ജില്ലാഓഫീസറുടെ ശിപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 26/4/2022-ലെ SCDD/2821/22/P2(PL) നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>ജില്ലാ പട്ടികജാതി വികസന ഓഫീസർ 24/06/2022-ലെ പി/6311/22 കത്ത് പ്രകാരം എസ്റ്റിമേറ്റും അനുബന്ധ രേഖകളും ശിപാർശ ചെയ്ത് ലഭ്യമാക്കുകയും ചെയ്തു. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിയായതിനാൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ശുപാർശ ചെയ്യുന്നതിന് പട്ടികജാതി / പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് കൂടി ആവശ്യമായതിനാൽ ആയത് കൂടി ലഭ്യമാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് വീണ്ടും കത്ത് നൽകുകയും 02/03/2023 - ന് കൂടിയ പട്ടികജാതി/ പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് 14/3/2023 - ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നടത്തിയ |

| | | | |
|---|---|---|---|
| | | | കത്തിടപാടുകളുടെ പകർപ്പുകൾ **അനുബന്ധം I** ആയി ചേർക്കുന്നു<br><br>ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കത്തിടപാടുകളുടെ പകർപ്പുകൾ **അനുബന്ധം II** ആയി ചേർക്കുന്നു . |
| (ബി) | പ്രസ്തുത വിഷയത്തിൽ എറണാകുളം പട്ടികജാതി വികസന ജില്ലാ ഓഫീസിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ലാ ഓഫീസർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | ആലുവ-പി.വി.ഐ.പി. പറവൂർ ബ്രാഞ്ച് കനാലിന്റെ മഴയിൽ തകർന്ന സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 12.01.2022 – ലെ E-27428 നമ്പർ അപേക്ഷയും അനുബന്ധ രേഖകളും 17/03/2022-ൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുകയും ആയതിൻമേൽ ജില്ലാഓഫീസറുടെ ശിപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 26/4/2022-ലെ SCDD/2821/22/P2(PL) നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>ജില്ലാ പട്ടികജാതി വികസന ഓഫീസർ 24/06/2022-ലെ പി/6311/22 കത്ത് പ്രകാരം എസ്റ്റിമേറ്റും അനുബന്ധ രേഖകളും ശിപാർശ ചെയ്ത് ലഭ്യമാക്കുകയും ചെയ്തു. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിയായതിനാൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ശുപാർശ ചെയ്യുന്നതിന് പട്ടികജാതി / പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് കൂടി ആവശ്യമായതിനാൽ ആയത് കൂടി ലഭ്യമാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് വീണ്ടും കത്ത് നൽകുകയും 02/03/2023 - ന് കൂടിയ പട്ടികജാതി/ പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് 14/3/2023 - ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ **അനുബന്ധം I** ആയി ചേർക്കുന്നു<br><br>ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കത്തിടപാടുകളുടെ പകർപ്പുകൾ **അനുബന്ധം II** ആയി ചേർക്കുന്നു . |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ടും ഭരണാനുമതിയും നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | എസ്റ്റിമേറ്റ് തുക 25 ലക്ഷത്തിനു മുകളിലുള്ള പ്രവൃത്തികൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് ആണ് അംഗീകാരം നൽകുന്നത്. പ്രസ്തുത പ്രവൃത്തിയ്ക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

File No.SCDD/2821/2022-P2 (PL)

**അനുബന്ധം I**

ഭരണഭാഷ – മാതൃഭാഷ

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം


മ്യൂസിയം – നന്ദാവനം റോഡ്, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം – 695 033

ഫോൺ : 0471 2737240, 2737227, 2737235

e mail : scddplanning@gmail.com


---

No : SCDD/2821/2022/P2(PL) തീയതി : 26/04/2022

ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ,
എറണാകുളം.

സർ,

വിഷയം : പട്ടികജാതി വികസനം – മഴയിൽ പൂർണ്ണമായും തകർന്ന ആലുവ നിയോജക മണ്ഡലത്തിലെ പി .വി.ഐ.പി പരവൂർ ബ്രാഞ്ച് കനാലിന്റെ പട്ടാരിപ്പുറത്ത് കോളനിക്ക് സമീപമുള്ള സംരക്ഷണ ഭിത്തി പുനർ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന : ബഹു.വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 24.02.2022 ലെ 105/2022/VIP/M(SC,ST,BC&D) നമ്പർ പുറത്തെഴുത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു . ആലുവ നിയോജക മണ്ഡലത്തിലെ പി.വി.ഐ.പി പരവൂർ ബ്രാഞ്ച് കനാലിന്റെ പട്ടാരിപ്പുറത്ത് കോളനിക്ക് സമീപമുള്ള സംരക്ഷണ ഭിത്തി മഴയിൽ പൂർണ്ണമായും തകർന്ന് കനാലിൽ പതിച്ചുവെന്നും പ്രസ്തുത സംരക്ഷണ ഭിത്തി പുനർനിർമ്മിക്കുവാൻ 51,10,000/- രൂപ അനുവദിക്കുന്നതിന് സൂചന പ്രകാരം ലഭ്യമായ ബഹു. ആലുവ എം.എൽ.എ, ശ്രീ.അൻവർ സാദത്ത് സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും വിശദമായ റിപ്പോർട്ടിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഫീസിബിലിറ്റി റിപ്പോർട്ട്, ഡിറ്റയിൽഡ് എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, ഗുണഭോക്തൃ വിവരങ്ങൾ എന്നിവ താങ്കളുടെ അഭിപ്രായം /ശുപാർശ സഹിതം ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)
ഡയറക്ടർക്കുവേണ്ടി
ചീഫ് പ്ലാനിംഗ് ഓഫീസർ

ആജ്ഞാനുസരണം
സൂപ്രണ്ട് A.S

DESPATCHED
26/4/22

SCDD/2821/2022-P2 (PL)

14932/2022

"ഭരണഭാഷ- മാതൃഭാഷ"

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**മ്യൂസിയം - നന്ദാവനം റോഡ്, നന്ദാവനം, വികാസ് ഭവൻ പി.ഒ**

**തിരുവനന്തപുരം - 695 033**

**ഫോൺ : 0471 2737245, 2737246**

Email:-scddplanning@gmail.com

നമ്പർ:SCDD/2821/2022/P2(PL) തീയതി:03-10-2022

ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ,
ജില്ലാ പട്ടികജാതി വികസന ഓഫീസ്,
എറണാകുളം

സർ,

വിഷയം:- പട്ടികജാതിവികസനം- ആലുവ നിയോജക മണ്ഡലത്തിലെ PVIP പറവൂർ ബ്രാഞ്ച് കനാൽ സംരക്ഷണഭിത്തി നിർമ്മാണം സംബന്ധിച്ച്

സൂചന : താങ്കളുടെ 24/6/2022-ലെ പി-6311/22 നം കത്ത്

ആലുവ നിയോജക മണ്ഡലത്തിലെ PVIP പറവൂർ ബ്രാഞ്ച് കനാലിന്റെ പട്ടാരിപ്പുറത്ത് കോളനിയ്ക്ക് സമീപത്തുള്ള സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് പ്രൈസ് എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സോഷ്യൽമാപ്പ്, ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവ സൂചന പ്രകാരം താങ്കൾ ലഭ്യമാക്കിയിരുന്നു. എന്നാൽ ജില്ലാതല തീരുമാനം ഉൾക്കൊള്ളിച്ചിട്ടില്ല. സംസ്ഥാനതല വർക്കിംഗ് പരിഗണിക്കുന്നതിനായി ആയതുകൂടി ലഭ്യമാക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർക്കുവേണ്ടി

ചീഫ് പ്ലാനിംഗ് ഓഫീസർ

DESPATCHED 7/x/22

അനുബന്ധം II

**ജില്ലാ പട്ടികജാതി വികസന ആഫീസ്സറുടെ കാര്യാലയം**

സിവിൽ സ്റ്റേഷൻ, എറണാകുളം, കൊച്ചി – 30.

ഫോൺ & ഫാക്സ് : 0484 2422256 ഇ–മെയിൽ : ddoscekm@gmail.com

നം. പി-6311/22 **"ഭരണഭാഷ – മാതൃഭാഷ''** തീയതി: 10.03.23

ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : പട്ടികജാതി വികസനം – ആലുവ നിയോജക മണ്ഡലത്തിലെ – PVIP പറവൂർ ബ്രാഞ്ച് കനാലിന്റെ പട്ടാരിപ്പുറത്ത് കോളനിയ്ക്ക് സമീപമുള്ള സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. അങ്ങയുടെ 3.10.22 ലെ SCDD/2821/2022/P2 (PL) നം. കത്ത്.

2. 2.03.23ന് ചേർന്ന കോർപ്പസ് ഫ ് ജില്ലാതല കമ്മിറ്റിയുടെ നടപടിക്രമം.

......

മേൽ സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആലുവ മണ്ഡലത്തിലെ പരവൂർ ബ്രാഞ്ച് കനാലിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം സൂചന (2) പ്രകാരം ചേർന്ന ജില്ലാതല കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ആയത് ശുപാർശ ചെയ്യുന്നതിന് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടു ്. ആയതിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
***ജില്ലാ പട്ടികജാതി വികസന ആഫീസ്സർ***

ആർ.വി

E-3403/22

P2

ജില്ലാ പട്ടികജാതി വികസന ആഫീസ്സറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, എറണാകുളം, കൊച്ചി - 30.

ഫോൺ & ഫാക്സ് : 0484 2422256 ഇ-മെയിൽ : ddoscekm@gmail.com

നം. പി-6311/22 "ഭരണഭാഷ - മാതൃഭാഷ" തീയതി : 24.06.22

DIRECTOR
15 JUL 2022
Thiruvananthapuram
SCHEDULED CASTE DEVELOPMENT DEPARTMENT

ജില്ലാ പട്ടികജാതി വികസന ഓഫീസ്
സിവിൽ സ്റ്റേഷൻ
കൊച്ചി -30

ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : പട്ടികജാതി വികസനം - ആലുവ നിയോജക മണ്ഡലത്തിലെ - PVIP പറവൂർ ബ്രാഞ്ച് കനാലിന്റെ പട്ടാരിപ്പുറത്ത് കോളനിയ്ക്ക് സമീപമുള്ള സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച്.

സൂചന :
1. അങ്ങയുടെ 26.04.22 ലെ SCDD/2821/2022/P2 (PL) നം. കത്ത്.
2. വാഴക്കുളം പട്ടികജാതി വികസന ഓഫീസ്സറുടെ 22.06.22ലെ V-222/22 നം. കത്ത്.

......

മേൽ സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വാഴക്കുളം ബ്ലോക്ക് പട്ടികാതി വികസന ഓഫീസ്സിന്റെ പരിധിയിൽ ചൂർണിക്കര പഞ്ചായത്തിലാണ് മാധവപുരം എസ്.സി. കോളനി സ്ഥിതി ചെയ്യുന്നത്. 47 എസ്. സി. കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. 2013-14ൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഈ കോളനിയിലെ നിർമ്മാണ പ്രവർത്തികൾ FIT ആലുവയാണ് നടത്തിയത്. കോളനി കവലയിൽ ആൽമരം നിൽക്കുന്നിടം മുതൽ കിഴക്കോട്ട് കനാൽ ക്രോസ്സ് വരെ കനാലിന്റെ തെക്കതിര് കരിങ്കല്ല് കെട്ടി ഹാന്റ് റെയിൽ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ചിരുന്നത്. 47,33,654/- രൂപയുടെ അനുമതി ലഭിച്ചിരുന്നുവെങ്കിലും 14,62,926/- രൂപയുടെ നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് ഇവിടെ ചെയ്തിരുന്നത്. പാതി വഴിയിൽ FIT നിർമ്മാണം നിർത്തി വെച്ചതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ സ്ഥലത്തും സംരക്ഷണ ഭിത്തി നിർമ്മിക്കുകയോ ഹാൻഡ് റെയിൽ പിടിപ്പിക്കുകയോ ചെയ്തിരുന്നില്ല.

സംരക്ഷണ ഭിത്തി കനാലിന് താഴെ ഭാഗത്തു നിന്നും നിർമ്മിക്കാതെ ഏകദേശം പകുതി ഭാഗത്തു വെച്ച് മണ്ണിനു മുകളിലാണ് നിർമ്മിച്ചിരുന്നത്. ആയതിനാലാണ് കനത്ത മഴ മൂലം വെള്ളപ്പൊക്കമുണ്ടായപ്പോൾ മണ്ണിന് ഇളക്കം സംഭവിക്കുകയും ഭിത്തി താഴേയ്ക്ക് പതിക്കുകയും ചെയ്തത്. ബാക്കിയുള്ള ഭാഗത്തും മണ്ണിന് ഇളക്കം സംഭവിച്ചിരിക്കുന്നതിനാൽ ഭിത്തി തള്ളിപ്പോകുന്ന അവസ്ഥയിലാണുള്ളത്. കൂടാതെ

ഈ ഭാഗത്തുള്ള റോഡും തകർന്നിട്ടുണ്ട്. ഇനി മണ്ണിടിച്ചിലുണ്ടായാൽ നിരവധി വീടുകളും മറ്റും അപകടത്തിലാകുന്ന സ്ഥിതി വിശേഷമാണുള്ളതെന്നും ആയതിനാൽ സംരക്ഷണ ഭിത്തി പുനർനിർമ്മിച്ച് കോളനിയിലുള്ള വീടുകളുടെയും റോഡിന്റെയും സംരക്ഷണം ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ് എന്നും സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംരക്ഷണ ഭിത്തി പുനർ നിർമ്മിക്കുന്നതിന് ബഹു. ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത് മുഖാന്തിരം സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച് നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നു. കൂടാതെ അശാസ്ത്രീയമായ നിലയിൽ സംരക്ഷണ ഭിത്തി നിർമ്മാണം നടപ്പിലാക്കിയ FIT യ്ക്ക് അനുവദിച്ച 14,62,926/- രൂപ തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്യുന്നു.

ടി വിവരങ്ങൾ അങ്ങയുടെ അറിവിലേയ്ക്കായി അറിയിക്കുന്നു.

വിശ്വസ്തതയോടെ

*ജില്ലാ പട്ടികജാതി വികസന ആഫീസ്സർ*

ആർ.വി